പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3272

11.05.2017 - ൽ മറുപടിക്ക്.

## വ്യവസായ അന്തരീക്ഷം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടികൾ

ചോദ്യം
സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
അനിൽ അക്കര,
ഐ. സി. ബാലകൃഷ്ണൻ,
എം. വിൻസെന്റ്.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(എ) : സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന് ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംരംഭം കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി-യെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ ചട്ടങ്ങളും വ്യവസായ നിയമങ്ങളുമനുസരിച്ച് നവീകരണം നടപ്പാക്കാനാവശ്യമായ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തി മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടു പോകാൻ ആവശ്യമായ നിർദ്ദേശങ്ങൾക്കായി മെ. KPMG-യെ ഒരു കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. കേരളത്തിലെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംരംഭത്തെ ആസ്പദമാക്കി വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും നവീകരിക്കുവാനുമായുള്ള ഒരു പഠനം നടത്തി മെ. കെ.പി.എം.ജി. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കെ.പി.എം.ജി പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ 1999-ലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്തുവാനും കൂടുതൽ ഫലപ്രദമാക്കുവാനും വേണ്ടിയുള്ള നിർദ്ദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് അടിസ്ഥാനത്തിലുള്ള ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു

അപേക്ഷ ഫാറവും (വിവിധ വകുപ്പുകളുടെ അപേക്ഷഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷഫാറം) നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം നാഷണൽ ഇൻഫോർമാറ്റിക് സെന്ററിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ മെ. കെ.പി.എം.ജി-യെ മേൽപ്പറഞ്ഞ ഓൺലൈൻ മെക്കാനിസം നടപ്പിലാക്കാൻ സഹായിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി നിയമിച്ചിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്ററും മെ, കെ.പി.എം.ജി.-യും ഇതിന്റെ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തദ്ദേശ ഭരണ നിയമങ്ങളിലും ചട്ടങ്ങളിലും തദനുസൃതമായ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഈ നിയമഭേദഗതിയിലൂടെ വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും റദ്ദാക്കുന്നതിനും പ്രാദേശികഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള വിവേചനാധികാരം ഇല്ലാതാകുമോ ;

(ബി) : (സി) : ബന്ധപ്പെട്ട എല്ലാ നിയമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഗ്രീൻ വൈറ്റ് വിഭാഗത്തിൽപ്പെടുന്ന വ്യവസായ ശാലകൾ സ്ഥാപിക്കുന്നതിന് മുൻകൂർ അനുമതി വേണ്ടായെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

(ഡി) : തീരുമാനിച്ചിട്ടില്ല. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടങ്ങളും ഭക്ഷ്യ സുരക്ഷ നിയമങ്ങളും പാലിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ.